പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2374 | 18/02/2016 ൽ മറുപടിക്ക്

## വൃക്കരോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ്

| ചോദ്യം<br>ശ്രീമതി. കെ. കെ. ലതിക | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വൃക്ക രോഗം വർദ്ധിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ഇന്ത്യയിൽ സൊസൈറ്റി ഓഫ് നെഫ്രോളജിയുടെ രജിസ്റ്റർ പ്രകാരം പ്രമേഹരോഗവും അമിത രക്തസമ്മർദ്ദവും ആണ് വൃക്കരോഗത്തിന് പ്രധാന കാരണമായി കണ്ടെത്തിയിട്ടുള്ളത്. |
| (സി) | പഠനം നടത്തിയിട്ടില്ലെങ്കിൽ അത്തരം ഒരു പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | പഠനം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ഡി) | വൃക്ക രോഗികളെ സഹായിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ? | (ഡി) | വൃക്കരോഗികളെ സഹായിക്കുന്നതിനായി ആർ.എസ്.ബി.വൈ. മുഖാന്തിരം 30,000/- രൂപയും സി.എച്ച്.എസ്. മുഖാന്തിരം 70,000/- രൂപയും കേരള സർക്കാരിന്റെ കാരുണ്യ മുഖാന്തിരം 2,00,000/- രൂപയും മുഖ്യമന്ത്രിയുടെ സഹായനിധി മുഖാന്തിരം 30,000/- മുതൽ 50,000/- രൂപ വരെയും പ്രധാനമന്ത്രിയുടെ സഹായനിധി മുഖാന്തിരം 2 മുതൽ 4 ലക്ഷം വരെ നൽകി വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ